# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5039

06-02-2014 ൽ മറുപടിക്ക്

## എക്സൈസ് അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. പി.എ.മാധവൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | എ) 18-12-2003 ലെ ജി.ഒ(എം.എസ്)നമ്പർ.194/2003/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 01-01-2004 ന് സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്റർ എന്ന പേരിൽ തൃശ്ശൂർ ജില്ലയിലെ പൂത്തോളിൽ പ്രവർത്തനം ആരംഭിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള 2.74 ഏക്കർ സ്ഥലത്ത്, 60,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയവും പണികഴിപ്പിച്ച്, 07-04-2012 ൽ കേരള മുഖ്യമന്ത്രി ഉദ്ഘാടനം നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. പരേഡിനും മറ്റ് കായിക പരിശീലനത്തിനുമായി വിശാലമായ പരേഡ് ഗ്രൗണ്ട് സജ്ജമാക്കി ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു. ഒരേ സമയം 150 എക്സൈസ് ഉദ്യോഗസ്ഥർക്ക് താമസിച്ച് പരിശീലനം നേടുന്നതിനുള്ള സൗകര്യം അക്കാദമിയിൽ ഉണ്ട്. ഇപ്പോൾ 90 സിവിൽ എക്സൈസ് ഓഫീസർമാർക്ക് കായിക പരിശീലനവും, നിയമപഠന ക്ലാസ്സുകളും, 30 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/എക്സൈസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും, 20 കർണ്ണാടക എക്സൈസ് ഉദ്യോഗസ്ഥർക്കും നിയമപഠന ക്ലാസ്സുകളും നടത്തിവരുന്നു. |
| ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി) എക്സൈസ് ഡിപ്പാർട്ട്മെന്റിലെ എല്ലാ ഉദ്യോഗസ്ഥരേയും അക്കാഡമിക് രീതിയിൽ പരിശീലിപ്പിച്ച്, ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരി നിയമങ്ങളിലും അനുബന്ധ നിയമങ്ങളിലും പരിജ്ഞാനം നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹ്യ പ്രതിബദ്ധതയും വ്യക്തിത്വവുമുള്ള ഉത്തമ ഉദ്യോഗസ്ഥരായി മാറ്റിയെടുക്കലാണ് ടി സ്ഥാപനത്തിന്റെ ലക്ഷ്യം. |

| | |
|---|---|
| സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരേയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; | സി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ, നിലവിൽ 90 സിവിൽ എക്സൈസ് ഓഫീസർമാരുടെ, 90 പ്രവൃത്തി ദിവസം നീണ്ടു നിൽക്കുന്ന പ്രാഥമിക പരിശീലനം നടത്തിവരുന്നു. കൂടാതെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഐ.എം.ജി.-യുടെ സഹകരണത്തോടെ നടത്തി വരുന്നു. എക്സൈസ് വകുപ്പിലെ ട്രെയിനിംഗ് ലഭിക്കാത്ത എക്സൈസ് ഡ്രൈവർമാരുടെ പരിശീലനം 2014 ഫെബ്രുവരി മാസം 17-ാം തീയതി ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തി വരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യമില്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്ന) തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാഡമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും വച്ചാണ്.<br><br>എക്സൈസ് സേനയ്ക്ക് ആയുധ പരിശീലനം ഒഴികെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന്, തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ സൗകര്യമുണ്ട്. ഇതിനുപുറമെ, കർണാടക സംസ്ഥാനത്തെ എക്സൈസ് സബ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സൂപ്രണ്ട് വരെ തസ്തികയിലുള്ളവർക്ക് എൻ.ഡി.പി.എസ്., എം & ടി.പി. കേസ്സുകൾ കണ്ടെത്തി കുറ്റപത്രം സമർപ്പിക്കുന്ന വിഷയത്തിൽ 4 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടിയും നടത്തി വരുന്നു. ആകെ 12 ബാച്ചുകളിലായി 240 പേർക്ക് നൽകുന്ന പ്രസ്തുത പരിശീലന പരിപാടിയിലെ അവസാന ബാച്ചിന്റെ പരിശീലനം 28-01-2014 ൽ ആരംഭിച്ചിട്ടുള്ളതാണ്. |
| ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ